ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 22.03.2025

പ്രധാന വാർത്തകൾ

TIME : 07.25 AM

1. ദുർബല വിഭാഗങ്ങളോടുള്ള ഉചിതമായ സമീപനമാണ് രാജ്യത്തിന്റെ യശ്ശസിനെ നിർണ്ണയിക്കുന്നതെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Droupadi Murmu Emphasizes Importance of Sensitivity to Deprived Classes in Defining National Reputation.**

2. രാഷ്ട്രീയ ഇച്ഛാശക്തിയും സാങ്കേതികവിദ്യയും ഉപയോഗപ്പെടുത്തി എൻഡിഎ സർക്കാർ രാജ്യ സുരക്ഷ ശക്തിപ്പെടുത്തിയതായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ.

   **NDA government has strengthened nation's security through political will and technology in the last decade, says Home Minister Amit Shah in Rajya Sabha.**

3. വിവിധ സർക്കാർ പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് എല്ലാ കർഷകർക്കും ഡിജിറ്റൽ തിരിച്ചറിയൽ കാർഡ് നൽകുമെന്ന് കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.

   **Agriculture Minister Shivraj Singh Chouhan says, every farmer will get a Digital Identity Card to avail benefits of various government schemes.**

4. കേരളത്തിൽ ഇന്ന് പൊതു ഇട ശുചീകരണ പരിപാടിക്ക് തുടക്കമാകും; സംസ്ഥാന വ്യാപകമായി ഇന്നും നാളെയും പഞ്ചായത്തുതല ശുചീകരണം സംഘടിപ്പിക്കും.
**Public Cleanliness Drive to Begin in Kerala Today; Panchayat-Level Cleanliness Campaigns to be Held Statewide Today and Tomorrow.**

5. ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റിന്റെ 18-ാം സീസണ് ഇന്ന് തുടക്കം. ഉദ്ഘാടന മത്സരത്തിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സും, റോയൽ ചാലഞ്ചേഴ്സ് ബെംഗളൂരുവും ഏറ്റുമുട്ടും. .
**18th Season of Indian Premier League Cricket Kicks Off Today; Kolkata Knight Riders to Face Royal Challengers Bangalore in Opening Match.**

**********************************

HEADLINE-1

## PREZ-PURPLE FEST

ദുർബല വിഭാഗത്തോടുള്ള സമൂഹത്തിന്റെ ഉചിതമായ സമീപനം രാജ്യത്തിന്റെ യശസ്സ് ഉയർത്തുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്നുണ്ടെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. രാഷ്ട്രപതി ഭവനിൽ നടന്ന പർപ്പിൾ ഫെസ്റ്റ് പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. അനുകമ്പ, ചേർത്തുനിർത്തൽ, ഐക്യം എന്നിവ ഇന്ത്യൻ സംസ്കാരത്തിന്റെ മൂല്യങ്ങളാണെന്ന് രാഷ്ട്രപതി അഭിപ്രായപ്പെട്ടു. സുഗമ്യ ഭാരത് അഭിയാനിലൂടെ ദിവ്യാംഗരെ ശാക്തീകരിക്കാനും തുല്യപങ്കാളിത്തം ഉറപ്പാക്കാനും സർക്കാർ ശ്രമിക്കുന്നതായി ശ്രീമതി മുർമു പറഞ്ഞു. എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു ലോകം സൃഷ്ടിക്കുക എന്നതാണ് പർപ്പിൾ ഫെസ്റ്റിവലിന്റെ ലക്ഷ്യം.

************************

## PARLIAMENT

പാർലമെന്റിൽ ഇന്നലെ വിവിധ മന്ത്രാലയങ്ങളുടെ ധനാഭ്യർത്ഥനയിൻമേലുള്ള ചർച്ച നടന്നു. ജൽശക്തി മന്ത്രാലയത്തിന്റെ ധനാഭ്യർത്ഥനകൾ ലോക്സഭ പാസാക്കി. രാജ്യസഭയിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയവുമായി ബന്ധപ്പെട്ട ചർച്ചകളാണ് നടന്നത്. കേരളത്തിൽ ആശ പ്രവർത്തകർ നടത്തി വരുന്ന സമരം കോൺഗ്രസ് അംഗം കെ.സി വേണുഗോപാൽ ലോക്സഭയിൽ ഉന്നയിച്ചു. വിഷയം തന്റെ ചേംബറിൽ ചർച്ച ചെയ്യാമെന്ന് കേന്ദ്ര ആരോഗ്യമന്ത്രി ജെ പി നഡ്ഡ മറുപടി നൽകി.

************************

HEADLINE-2

## AMITSHA RS

ഭീകരവാദത്തോട് വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് കേന്ദ്ര സർക്കാരിനുള്ളതെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. ജമ്മു കശ്മീരിൽ ഭീകരവാദം മൂലമുള്ള മരണം 70 ശതമാനം കുറഞ്ഞതായി അദ്ദേഹം രാജ്യസഭയിൽ അറിയിച്ചു. കഴിഞ്ഞ ദശകത്തിൽ രാഷ്ട്രീയ ഇച്ഛാശക്തിയും സാങ്കേതികവിദ്യയും ഉപയോഗപ്പെടുത്തി എൻഡിഎ സർക്കാർ രാജ്യ സുരക്ഷ ശക്തിപ്പെടുത്തിയതായി ശ്രീ ഷാ പറഞ്ഞു.

************************

## LS - TB FREE NATION

2025 ൽ ഇന്ത്യയെ ക്ഷയരോഗമുക്ത രാജ്യമായി മാറ്റുന്നതിനുള്ള ശ്രമങ്ങൾ പുരോഗമിക്കുകയാണെന്ന് കേന്ദ്ര സഹമന്ത്രി അനുപ്രിയ പട്ടേൽ. രാജ്യത്തെ ക്ഷയരോഗ നിരക്ക് 17.7 ശതമാനമായും ക്ഷയരോഗം മൂലമുള്ള മരണം 21 ശതമാനവും കുറഞ്ഞതായി അവർ ലോക്സഭയിൽ അറിയിച്ചു. 347 ജില്ലകളിൽ 100 ദിവസത്തെ ക്ഷയരോഗ നിർമാർജന ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ടെന്നും ശ്രീമതി അനുപ്രിയ പട്ടേൽ അറിയിച്ചു.

************************

HEADLINE-3

## SHIVRAJ - AGRICULTURE (INTRO)

വിവിധ സർക്കാർ പദ്ധതികളുടെ ആനുകൂല്യങ്ങൾ കൃത്യമായി ലഭ്യമാക്കുന്നതിന് എല്ലാ കർഷകർക്കും ഡിജിറ്റൽ തിരിച്ചറിയൽ കാർഡ് നൽകുമെന്ന് കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. പ്രവചനാതീതമായ പ്രകൃതിദുരന്തങ്ങൾ മൂലമുണ്ടാകുന്ന വിളനാശത്തിനെതിരെ സമഗ്ര സുരക്ഷിതത്വം ഉറപ്പാക്കുന്നതാണ് പ്രധാൻ മന്ത്രി ഫസൽ ബീമ യോജന പദ്ധതി എന്ന് അദ്ദേഹം ലോക്സഭയിൽ പറഞ്ഞു.

(വോയിസ്...)

പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന പ്രകാരം 80 കോടിയിലധികം ഗുണഭോക്താക്കൾക്ക് സർക്കാർ സൗജന്യ അരിയും ഗോതമ്പും നൽകുന്നുണ്ടെന്ന് കേന്ദ്രമന്ത്രി അറിയിച്ചു.

************************

## PM - MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 30 ന്. പരിപാടിയുടെ 120-ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റെയും എല്ലാ ശൃംഖലകളിലും പരിപാടി ലഭ്യമാകും. പരിപാടിയിലേക്കുള്ള ജനങ്ങളുടെ ആശയങ്ങളും അഭിപ്രായങ്ങളും ഈ മാസം 28 വരെ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പർ, Narendra Modi App, MyGov Open Forum എന്നിവയിലൂടെ അറിയിക്കാവുന്നതാണ്.

************************

## INDIA EU-MARITIME

നാലാമത് ഇന്ത്യ-യൂറോപ്യൻ യൂണിയൻ സമുദ്ര സുരക്ഷാ സംഭാഷണം ഇന്നലെ ന്യൂഡൽഹിയിൽ നടന്നു. സമഗ്ര വളർച്ചയ്ക്കും ആഗോള ക്ഷേമത്തിനും അനുയോജ്യമായ സുരക്ഷിത സമുദ്ര അന്തരീക്ഷം നിലനിർത്തുന്നതിനുള്ള നടപടികൾ ചർച്ചയായി. സമുദ്രമേഖലയിലെ സഹകരണം, സുരക്ഷ എന്നിവ സംബന്ധിച്ചും ചർച്ചകൾ നടന്നു.
************************

## WORLD WATER DAY

ഇന്ന് ലോക ജലദിനം. ജലത്തിന്റെ പ്രാധാന്യത്തെ കുറിച്ചും ആഗോളതലത്തിൽ ജല ദൗർലഭ്യം മൂലം ഉണ്ടാകുന്ന പ്രതിസന്ധിയെ കുറിച്ചും അവബോധം വളർത്താനാണ് എല്ലാ വർഷവും മാർച്ച് 22ന് ലോകജലദിനം ആചരിക്കുന്നത്. ജീവൻ നിലനിർത്തുന്നതിലും ജലചക്രത്തിലും ഹിമാനികളുടെ നിർണായക പങ്ക് മുൻനിർത്തി, 'ഹിമാനി സംരക്ഷണം' എന്ന പ്രമേയത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചാണ് ഈ വർഷത്തെ ലോക ജലദിനം ആചരിക്കുന്നത്.
************************

## CALICUT UNIVERSITY-GOVERNOR

കാലിക്കറ്റ് സർവകലാശാലയുടെ വാർഷിക സെനറ്റ് യോഗത്തിൽ ചാൻസലർ കൂടിയായ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പങ്കെടുക്കും. ലഹരിവിരുദ്ധ ക്യാമ്പസ് എന്ന ദൗത്യത്തിന്റെ പ്രചാരണാർഥം ചാൻസലർ സെനറ്റിനെ അഭിസംബോധന ചെയ്യും. വിദ്യാർഥികളിലും യുവതലമുറയിലും ലഹരി ഉപയോഗം പടരുന്ന സാഹചര്യത്തിലാണ് സർവകലാശാല ലഹരിവിരുദ്ധ പ്രചാരണ പ്രവർത്തനത്തിന് മുന്നിട്ടിറങ്ങുന്നത്.
************************

HEADLINE-4

## PUBLIC CLEANING

സംസ്ഥാന വ്യാപകമായി ഇന്നും നാളെയും പഞ്ചായത്തുതല പൊതു ഇട ശുചീകരണ പരിപാടി സംഘടിപ്പിക്കും. മാലിന്യമുക്ത നവകേരളത്തിന്റെ തദ്ദേശസ്ഥാപനതല പ്രഖ്യാപനങ്ങൾ ഈ മാസം 30 ന് നടക്കുന്നതിന് മുന്നോടിയായാണ് പ്രവർത്തനം. ഇന്നും നാളെയും പൊതുജനങ്ങളുടെ കൂടി സഹകരണത്തോടെ പഞ്ചായത്ത് തലത്തിൽ മെഗാ ക്ലീനിംഗ് പരിപാടി സംഘടിപ്പിക്കും.

***********************

## EARTH HOUR

വേൾഡ് വൈഡ് ഫണ്ട് ഫോർ നേച്ചർ ഇന്ത്യയുടെ നേതൃത്വത്തിൽ ഇന്ന് ഭൗമ മണിക്കൂർ ആചരിക്കും. രാത്രി 8.30 മുതൽ 9.30 വരെ വീടുകളിലും സ്ഥാപനങ്ങളിലും അത്യാവശ്യമല്ലാത്ത വൈദ്യുത വിളക്കുകൾ അണച്ചായിരിക്കും ദിനാചരണം. എല്ലാ വർഷവും മാർച്ച് മാസത്തിലെ അവസാന ശനിയാഴ്ചയാണ് ഭൗമ മണിക്കൂർ ആചരിക്കുന്നത്.

***********************

## PRESIDENT - AIMS (INTRO)

ആരോഗ്യ സംരക്ഷണം, മെഡിക്കൽ വിദ്യാഭ്യാസം, ജീവ ശാസ്ത്ര ഗവേഷണം എന്നിവയിൽ മികവ് പുലർത്തുന്ന സ്ഥാപനമാണ് എയിംസ് എന്ന് രാഷ്ട്രപതി ദ്രൌപതി മുർമു. ന്യൂഡൽഹി എയിംസിന്റെ 49-ാമത് ബിരുദ ദാനച്ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. വൈകാരിക പ്രശ്നങ്ങൾ ഉയർത്തുന്ന ഗുരുതര വെല്ലുവിളികളെ നേരിടുന്നതിന് എയിംസിന്റെ നേതൃത്വത്തിൽ മാനസികാരോഗ്യത്തെക്കുറിച്ച് ബോധവൽക്കരണ പരിപാടി ആരംഭിക്കണമെന്ന് ശ്രീമതി മുർമു ആവശ്യപ്പെട്ടു.

(വോയിസ്...)

***********************

## IPL

ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റിന്റെ 18-ാം സീസണ് ഇന്ന് തുടക്കം. ഉദ്ഘാടന മത്സരത്തിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സും, റോയൽ ചാലഞ്ചേഴ്സ് ബെംഗളൂരുവും ഏറ്റുമുട്ടും. കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിൽ രാത്രി 7.30 നാണ് മത്സരം.

************************

## KHELO INDIA PARA GAMES

ഖേലോ ഇന്ത്യ പാരാ ഗെയിംസ് 2025 ന്റെ രണ്ടാം ദിനമായ ഇന്നലെ 9 സ്വർണ്ണ മെഡലുകളുമായി തമിഴ്നാട് മുന്നിൽ, 7 സ്വർണ്ണവുമായി ഹരിയാന തൊട്ടുപിന്നിലുണ്ട്. മഹാരാഷ്ട്രയും ഉത്തർപ്രദേശും അഞ്ച് സ്വർണ്ണം വീതം നേടി. പുരുഷന്മാരുടെ 800, 100 മീറ്റർ T53/T54 ഇനങ്ങളിൽ രണ്ട് സ്വർണ്ണ മെഡലുകൾ നേടി തമിഴ്നാടിന്റെ രമേശ് ശംഗുമാൻ മികച്ച പ്രകടനം കാഴ്ചവച്ചു.

************************

## NT.SWISS OPEN BADMINTON

സ്വിസ് ഓപ്പൺ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ് വനിത ഡബിൾസിൽ ഇന്ത്യയുടെ ട്രീസ ജോളിയും ഗായത്രി ഗോപിചന്ദും സെമി ഫൈനലിൽ കടന്നു. ചൈനീസ് താരങ്ങളെ 21-18, 21-14 എന്ന സ്കോറിനാണ് പരാജയപ്പെടുത്തിയത്. ഇന്ന് നടക്കുന്ന സെമിഫൈനലിൽ പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈന സഖ്യത്തെ ഇരുവരും നേരിടും.

************************

## HEATHROW-FIRE

തീപിടിത്തത്തെ തുടർന്ന് അടച്ച യു.കെയിലെ ഹീത്രോ വിമാനത്താവളത്തിൽ സർവീസുകൾ പുനഃരാരംഭിച്ചു. തീപിടുത്തത്തിൽ 18 മണിക്കൂർ വൈദ്യുതി വിതരണം

തടസ്സപ്പെട്ടതോടെയാണ് വിമാനത്താവളം അടച്ചത്. ഏകദേശം രണ്ട് ലക്ഷം യാത്രക്കാർ കുടുങ്ങി. ആയിരക്കണക്കിന് വിമാന സർവീസുകളാണ് തടസ്സപ്പെട്ടത്. തീപിടുത്തത്തിന്റെ കാരണത്തെക്കുറിച്ച് അന്വേഷണം പുരോഗമിക്കുകയാണ്.
************************

## ISRAEL-GAZA

ഗസയിൽ തടവിലാക്കപ്പെട്ട ശേഷിക്കുന്ന ബന്ദികളെ ഹമാസ് വിട്ടയച്ചില്ലെങ്കിൽ കൂടുതൽ പ്രദേശങ്ങൾ പിടിച്ചെടുക്കാൻ ഇസ്രായേൽ പ്രതിരോധ മന്ത്രി ഇസ്രായേൽ കാറ്റ്സ് സൈന്യത്തോട് ഉത്തരവിട്ടതായി റിപ്പോർട്ട്. യുദ്ധം അവസാനിപ്പിക്കാനും ബന്ദികളെ മോചിപ്പിക്കാനും ആവശ്യപ്പെട്ട് ഇസ്രായേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹുവിന്റെ ജറുസലേമിലെ വസതിക്ക് പുറത്ത് നൂറുകണക്കിന് ആളുകൾ പ്രതിഷേധിച്ചു. വെടിനിർത്തൽ നീട്ടാനുള്ള നിർദ്ദേശങ്ങൾ ഹമാസ് നിരസിക്കുകയായിരുന്നെന്ന് ഇസ്രായേൽ ആരോപിച്ചു, അതേസമയം പൂർണ്ണ ഉത്തരവാദിത്തത്തോടെയും ഗൗരവത്തോടെയും മധ്യസ്ഥരുമായി ചർച്ച നടത്തുന്നുണ്ടെന്ന് ഹമാസ് പ്രതികരിച്ചു.
************************

## MAHAMANDALESHWAR-SWAMI

ഭാരതീയ സംസ്കാരത്തിൽ വിഭാഗീയതയ്ക്ക് സ്ഥാനമില്ലെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. മഹാകുംഭമേളയിൽ മഹാമണ്ഡലേശ്വരായി അഭിഷിക്തനായ സ്വാമി ആനന്ദവനം ഭാരതി മഹാരാജിനെ ആദരിക്കുന്ന ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ ധർമ്മം ഉയർത്തിപ്പിടിക്കുന്നതിൽ വലിയ സംഭാവനകൾ നൽകിയിട്ടുള്ള കേരളത്തിന് മുന്നോട്ടുള്ള പ്രയാണത്തിലും വലിയ പങ്ക് വഹിക്കാനുണ്ടെന്ന് ഗവർണർ പറഞ്ഞു.
************************

## TN-MEETING

ലോക്സഭാ മണ്ഡല പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് തമിഴ്നാട് മുഖ്യമന്ത്രി എം.കെ സ്റ്റാലിന്റെ നേതൃത്വത്തിൽ ആദ്യ യോഗം ഇന്ന് ചെന്നൈയിൽ ചേരും. കേരളം, ആന്ധ്രാപ്രദേശ്, കർണാടക, തെലങ്കാന, ഒഡീഷ, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കും.

************************

## INDIA-MONGOLIA

തന്ത്രപരമായ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനുള്ള പ്രതിബദ്ധത ആവർത്തിച്ച് ഇന്ത്യയും മംഗോളിയയും. ഇരു രാജ്യങ്ങളിലെയും മുതിർന്ന ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഉഭയകക്ഷി സഹകരണം അവലോകനം ചെയ്തു. വികസന പങ്കാളിത്തം, വിദ്യാഭ്യാസം, ഐടി, ഊർജ്ജം, ഖനനം, പ്രതിരോധം, സുരക്ഷ എന്നിവയുൾപ്പെടെ വിവിധ മേഖലകളിലെ സഹകരണവും ഇരുപക്ഷവും വിലയിരുത്തി.

*

********************

****************************************************